KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

**24.09.2009**

# എച്ച്ഐവി നിയന്ത്രണം: പോലീസ് ഉദ്യോഗസ്ഥർക്കായി ശിൽപശാല നടത്തി

കൊല്ലം: എച്ച്ഐവി നിയന്ത്രണ, പ്രതിരോധ പ്രവർത്തനങ്ങളിൽ കേരള പോലീസും പങ്കാളിയാകുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ പോലീസ് ഓഫീസർമാർക്കായി ശിൽപശാല നടത്തി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൊല്ലം യാത്രി നിവാസിലാണ്പരിപാടി നടന്നത്.

ഡപ്യൂട്ടി ഡി.എം.ഒ: ഡോ. സൂസൻ മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ടി.വി വേലായുധൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. കെ.ആർ.ഡി.എ ഡയറക്ടർ ഇബ്രാഹിംകുട്ടി, കൊല്ലം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് സി.എഫ് റേബർട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

കെ.എം.എം.എൽ പി.ആർ.ഒ അനിൽ മുഹമ്മദ്, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഡോക്യുമെന്റേഷൻ ആൻഡ് പബ്ലിസിറ്റി അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി, എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകളെടുത്തു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള സുരക്ഷാ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള മേഖലകളിൽ പോലീസ് വകുപ്പിന്റെ സഹകരണം ഉറപ്പാക്കുക, പോലീസിലുള്ള എച്ച്ഐവി അണുബാധിതരടക്കമുള്ളവരോട് അനുഭാവപൂർവമായ പെരുമാറ്റം ശീലിപ്പിക്കുക, അവർക്കുള്ള ചികിത്സാലഭ്യത ഉറപ്പാക്കുക, പോലീസുകാർക്കിടയിൽ സന്നദ്ധ രക്തദാന ശീലം വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ശില്പശാല നടത്തിയത്. എസ്.ഐ മുതൽ ഡിവൈ.എസ്.പി വരെയുള്ള ഉദ്യോഗസ്ഥരാണ് ശിൽപശാലയിൽ പങ്കെടുത്തത്. മറ്റു ജില്ലകളിൽ വരുംദിവസങ്ങളിൽ ഇതുപോലുള്ള ശിൽപശാലകൾ നടക്കും.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**